**File No.DWCD/1064/2022-WEC4**

**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക.ജി.IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ശൈശവ വിവാഹം തടയുന്നതിന്റെ ഭാഗമായി വിവരം നൽകുന്ന വ്യക്തികൾക്ക് ഇൻസെന്റീവ് നൽകുന്നതിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 07.02.2021 G.O(Rt)No.117/2021/SJD നമ്പർ സർക്കാർ ഉത്തരവ്.

2. 20.02.2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

3 .....05.2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം.DWCD/1064/2022-WEC4(2) തീയതി: 18/05/2022**

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്.. പൊതുജന പങ്കാളിത്തത്തോട്ടു കൂടി മാത്രമേ സാമൂഹ്യ വിപത്തായ ശൈശവ വിവാഹം പൂർണ്ണമായി നിരോധിക്കാൻ സാധിക്കുകയുള്ളൂ.

അപ്രകാരം ശൈശവ വിവാഹം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ മുൻകൂട്ടി വകുപ്പിനെ അറിയിക്കുന്ന വ്യക്തിക്ക് 2500/- രൂപ പാരിതോഷികം നൽകുന്നതിനുള്ള പദ്ധതിയ്ക്ക് പരാമർശം(1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പരാമർശം(2) പ്രകാരം ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം(3) പ്രകാരം ടി പദ്ധതി നടപ്പ് സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ ശൈശവ വിവാഹം തടയുന്നതിനായി വിവരം നൽകുന്ന വ്യക്തിക്ക് 2500/- രൂപ വീതം പാരിതോഷികം നൽകുന്നതിന് ജില്ല വനിതാ ശിശു വികസന ഓഫീസർക്ക് 10,000/- രൂപ(പതിനായിരം രൂപ മാത്രം) നിരക്കിൽ 14 ജില്ല വനിതാ ശിശു വികസന ഓഫീസർക്കുമായി ആകെ 1,40,000/-(ഒരു ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ജില്ല വനിതാ ശിശു വികസന ഓഫീസർമാർ അനുവദിച്ച തുകയുടെ 80%

വിനിയോഗിക്കുന്ന മുറയ്ക്ക് തുക recoup ചെയ്ത് ലഭിക്കുന്നതിനായി ഫണ്ട് റിക്വസ്റ്റ് സമർപ്പിക്കേണ്ടതാണ്. തുക വിനിയോഗം സംബന്ധിച്ച് പരാമർശം(2) ലെ മാർഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

ടി ആവശ്യത്തിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

**വനിതാ ശിശു വികസന ഡയറക്ടർ**

പകർപ്പ് : എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും.

1. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.

3 സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)

4 സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signature valid

Digitally signed by Priyanka G
Date: 2022.05.18 11:43:05 IST
Reason: Approved

**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക .ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് -ശൈശവ വിവാഹം തടയുന്നതിന്റെ ഭാഗമായി വിവരം നൽകുന്ന വ്യക്തികൾക്ക് ഇൻസെന്റീവ് നൽകുന്ന പൊൻവാക്ക് പദ്ധതി- 2022-23 വർഷം നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 07.02.2021 G.O(Rt)No.117/2021/SJD നമ്പർ സർക്കാർ ഉത്തരവ്.

2. 20.02.2021 തീയതിയിലെ WEC4/7832/2020 നമ്പർ പരിപത്രം.

**ഉത്തരവ് നം. DWCD/1064/2022-WEC4(1), തീയതി: 18/05/2022**

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. പൊതുജന പങ്കാളിത്തത്തോടു കൂടി മാത്രമേ സാമൂഹ്യ വിപത്തായ ശൈശവ വിവാഹം പൂർണ്ണമായി നിരോധിക്കാൻ സാധിക്കുകയുള്ളു.

അപ്രകാരം ശൈശവ വിവാഹം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ മുൻകൂട്ടി വകുപ്പിനെ അറിയിക്കുന്ന വ്യക്തിക്ക് 2500/- രൂപ പാരിതോഷികം നൽകുന്ന പദ്ധതി 2020-21 മുതൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കുന്നതിന് അനുമതി നൽകി പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം പരമാവധി 200 പേർക്ക് പാരിതോഷികം നൽകുന്ന വകയിൽ ആകെ 5 ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പരാമർശം(2) പ്രകാരം ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി ഘടകങ്ങളിൽ മാറ്റമില്ലാതെ ഒരു തുടർ പദ്ധതിയായാണ് 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നത്.

ടി സാഹചര്യത്തിൽ ശൈശവ വിവാഹം തടയുന്നതിനായി വിവരം നൽകുന്ന വ്യക്തിക്ക് 2500/- രൂപ വീതം നടപ്പ് സാമ്പത്തിക വർഷം പരമാവധി 200 പേർക്ക് പാരിതോഷികം നൽകുന്നതിനായി ആകെ 5 ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം(2) പ്രകാരമുള്ള പരിപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി

ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്വീകരിക്കേണ്ടതാണ്. ശൈശവ വിവാഹം മുൻകൂട്ടി അറിയിക്കുന്ന എല്ലാ വ്യക്തികൾക്കും (സർക്കാർ ജീവനക്കാർ, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ ഉൾപ്പെടെ) ഈ പദ്ധതി പ്രകാരം പാരിതോഷികതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ , സാമൂഹ്യ മാധ്യമങ്ങൾ എന്നിവ മുഖേനയും സ്കൂൾ കൗൺസിലർമാർ മുഖേനയും വ്യപക പ്രചരണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.

ടി ആവശ്യത്തിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.
3. സ്റ്റോക്ക് ഫയൽ / സ്പെയർ

Signature valid

Digitally signed by Priyanka G
Date: 2022.05.18 11:44:38 IST
Reason: Approved